# 104. ബൂമെറാങ്ങ്

സാമത്ഥ്യപരീക്ഷയ്ക്ക് ഉതകുന്ന ഒരു കളിയെന്ന നിലയിൽ നമ്മുടെ സ്കൂളുകളിൽ ബൂമെറാങ്ങ് ഏറ് ഏർപ്പെടുത്തുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു. പണച്ചെലവു നന്നേ കുറച്ചേ വരൂ; കളിക്കുന്നവർക്കെന്നപോലെ കളി കണ്ടുനില്ക്കുന്നവർക്കും ഹരം പകരുന്നതിൽ ബൂമെറാങ്ങ് ഏറു മറ്റൊരു കളിയുടേയും പിന്നിലായിരിക്കുകയുമില്ല.

ശിലായുഗമനുഷ്യന്റെ ആയുധങ്ങളിലൊന്നാണു് ബൂമെറാങ്ങ്. മരക്കൊമ്പുകളിൽ തൂങ്ങിക്കിടക്കുന്ന കായ്കനികൾ, ചെറിയ പക്ഷികൾ, ക്ഷുദ്രജന്തുക്കൾ മുതലായവയെ എറിഞ്ഞുവീഴ്ത്തുവാൻ, ഉരുളൻകല്ലുകളെന്നപോലെ നീണ്ടുരുണ്ട മരക്കൊമ്പുകളുടെ കഷണങ്ങളും ആദ്യകാലം മുതൽക്കേ മനുഷ്യർ ഉപയോഗിച്ചുവന്നിരുന്നു. എറിയുന്ന മരക്കൊമ്പിൻ കഷണങ്ങൾ നടുവിൽ ഒരു പ്രത്യേകതരത്തിൽ വളഞ്ഞിരുന്നാലും, അവയെ ഒരു പ്രത്യേകതരത്തിൽ എറിഞ്ഞാലും, ലക്ഷ്യത്തിലെത്തിയശേഷം അവ എറിഞ്ഞ ആളുടെ കൈയിലേക്കുതന്നെ തിരിച്ചുവരുമെന്നു് അനുഭവത്തിലൂടെ അറിഞ്ഞ പ്രാകൃതമനുഷ്യൻ ആണ് ബൂമെറാങ്ങ് ആദ്യമായി കണ്ടുപിടിച്ചതു്.

നടു വളഞ്ഞ ഒരു മരക്കഷണമാണു് ബൂമെറാങ്ങ്. പ്രകൃതിയിൽ സുലഭമായി കാണാവുന്ന അത്തരം ഒരു കമ്പെടുത്തു് എറിഞ്ഞു്, അതിന്റെ ഗതിയുടെ സവിശേഷത ആദ്യമായി മനസ്സിലാക്കിയ ശിലായുഗമനുഷ്യൻ ആസ്ത്രേലിയക്കാരനായിരുന്നു എന്നു കരുതപ്പെടുന്നു. ആസ്ത്രേലിയയിലെത്തിയ സുപ്രസിദ്ധ ബ്രിട്ടീഷ് നാവികനായിരുന്ന ക്യാപ്റ്റൻ ജെയിംസ് കുക്കാണ് ബൂമെറാങ്ങിനെപ്പററി ആദ്യമായി എഴുതിയ യൂറോപ്യൻ. ക്രിസ്തുവർഷം 1770—ൽ ആസ്ത്രേലിയയിലെ 'ബോട്ടണിബേ' എന്ന സ്ഥലത്തുള്ള ആദിവാസികൾ നടു വളഞ്ഞ ഒരു തരം 'മരവാളുകൾ' കൊണ്ടുനടക്കുന്നതായി കണ്ടുവെന്നു് കുക്ക് എഴുതി. ആസ്ത്രേലിയയിൽ വെള്ളക്കാർ കുടിയേറിപ്പാർത്തപ്പോൾ, ഈ മരവാളുകൾക്ക് ആദിവാസികൾ നൽകിയിട്ടുള്ള പേരു് 'ബൂമെറാങ്ങ്' എന്നാണെന്നും മനസ്സിലായി. പതിനായിരം ആണ്ടുകൾവരെ പഴക്കമുള്ള ബൂമെറാങ്ങുകളുടെ അവശിഷ്ടങ്ങൾ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്.

ഇരുപതാം നൂററാണ്ടിലെ 'പരിഷ്കൃത' മനുഷ്യർ വിനോദത്തിനു വേണ്ടി നിർമിക്കുന്ന ബൂമെറാങ്ങുകൾക്ക് മുപ്പതുമുതൽ അറുപതുവരെ സെൻറീമീററർ നീളം കാണും. നാല്പത്തഞ്ചു ഡിഗ്രിമുതൽ നൂററിമുപ്പതു ഡിഗ്രിവരെ വരുന്ന ഒരു വളവു് അതിന്റെ നടുവിൽ—ഒത്തനടുവിലായിക്കൊള്ളണമെന്നില്ല—ഉണ്ടാവും. ബൂമെറാങ്ങുകൾ പല ആകൃതിയിൽ നിർമിക്കപ്പെടുന്നുണ്ട്. ആകൃതിയിലെ മാററം അനുസരിച്ച്, ആകാശത്തിലൂടെ അവയുടെ ഗതിക്കുമുണ്ടു മാററം. എല്ലാ ബൂമെറാങ്ങുകളും എറിഞ്ഞ ആളുടെ കൈയിലേക്കു തിരികെ വരുന്നവയല്ല, ഇവയിൽ ചിലതു കുത്തനെ ഉയർന്നു്, വളഞ്ഞു കുത്തി, താഴ്ന്നു്, നേരെ പിന്നോട്ടു പറന്നു്, എറിഞ്ഞ ആളുടെ കൈയിൽ തിരിച്ചെത്തുന്നു. ചിലതിന്റെ വായുസഞ്ചാരം വൃത്താകൃതിയിലാണ്. വേറെ ചിലതു തറയിൽ അടിച്ചു്, പിന്നോട്ടു ചാടിവരുന്നു. എറിഞ്ഞുകഴിഞ്ഞാൽ, എറിഞ്ഞവന്റെ കൈയിൽ തിരികെ എത്തുന്നതിനു് ഒരു മിനിററോളം എടുക്കുന്ന ബൂമെറാങ്ങുകൾ ഉണ്ടത്രേ.

എറിയപ്പെട്ട ബൂമെറാങ്ങ് ഇങ്ങനെ പല രീതിയിൽ സഞ്ചരിക്കുന്ന

തിന് ആധാരമായ ഭൗതികനിയമങ്ങൾ എന്തൊക്കെയാണ്? ഈ നിയമങ്ങളുടെ വിവരണം, വളരെ ശ്രദ്ധിച്ച് വായിച്ചിട്ടും, എനിക്ക് പിടികിട്ടിയിട്ടില്ല. വ്യോമയാനതന്ത്രത്തിലെ ഒട്ടനവധി നിയമങ്ങൾ ബൂമെറാങ്ങിനും ബാധകമാണ് എന്ന ലളിതമായ വസ്തുത മാത്രമേ എന്റെ തലയിൽ കയറിയുള്ളു. വ്യോമയാനശാസ്ത്രജ്ഞരും ഭൗതിക (ഫിസിക്സ്) ശാസ്ത്രജ്ഞരും സ്ലൈഡ് റൂളുകളുടെയും കമ്പ്യൂട്ടറുകളുടെയും മറ്റും സഹായത്തോടെ, ബൂമെറാങ്ങുകളുടെ ഗതിവിശേഷങ്ങൾ നിർണയിക്കുന്ന ശക്തികളെപ്പറ്റി ഒട്ടേറെ പഠനങ്ങൾ നടത്തിയിട്ടുണ്ട് എന്നും എനിക്കു മനസ്സിലായി. 'ബൂമെറാങ്ങിന്റെ ഗതി' എന്ന, 555 പേജുള്ള ഗവേഷണപ്രബന്ധം ഡച്ച് ഭൗതികശാസ്ത്രജ്ഞനായ ഫെലിക്സ് ഹെസ്സ് എഴുതിയതു് ഏഴു വർഷങ്ങളിലെ കഠിനമായ അദ്ധ്വാനത്തിനു ശേഷമാണത്രേ!

പക്ഷേ, ബൂമെറാങ് എറിഞ്ഞും എറിയുന്നതു കണ്ടും രസിക്കാൻ ഈ ശാസ്ത്രമൊന്നും പഠിക്കേണ്ടതില്ല. ഒരു ബൂമെറാങ് ഉണ്ടാക്കിയോ വാങ്ങിയോ, നിങ്ങൾക്കും ഏറു തുടങ്ങാം. ബൂമെറാങ് ഏറിൽ വിദഗ്ധരായ പലരെയും സംബന്ധിച്ച ഐതിഹ്യങ്ങൾ പ്രചാരത്തിലുണ്ട്. ആസ്ത്രേലിയയിൽ സിഡ്നി നഗരത്തിൽ ഒരു അച്ചടിശാലയിൽ ജോലി ചെയ്തിരുന്ന ഫ്രാങ്ക്ഡോണെല്ലൻ 1930 കളിൽ, തിയേററുകളിൽ തിങ്ങിക്കൂടിയ ആളുകളുടെ തലയ്ക്കുമീതെ കണ്ണുകെട്ടി ബൂമെറാങ് എറിഞ്ഞ്, കൃത്യമായി അതു തിരിച്ചുപിടിക്കാറുണ്ടായിരുന്നുവത്രേ. 'വില്യം ടെൽ അഭ്യാസം' എന്ന ഒരു പ്രദർശനവും ഡോണെല്ലൻ നടത്തിയിരുന്നു. സ്വിററ്സർലൻഡിലെ ഐതിഹാസിക വീരനായിരുന്ന വില്യംടെൽ, തന്റെ മകന്റെ തലയിൽ വച്ച ആപ്പിൾപഴം അമ്പെയ്തു മുറിക്കുകയുണ്ടായല്ലോ. തന്റെ തലയിൽ ഒരു ആപ്പിൾപഴം വെച്ച് ഡോണെല്ലൻ ബൂമെറാങ് എറിയും; തിരിച്ചുവരുന്ന ബൂമെറാങ് ശരിക്ക് ആ പഴത്തിൽത്തട്ടി അതിനെ താഴെ വീഴ്ത്തും. ഈ 'വിദ്യ' പരീക്ഷിച്ചു നോക്കിയ പലരുടേയും നെററിയിൽ ബൂമെറാങ് വന്നിടിക്കുക പതിവായിരുന്നുവത്രേ. ഇങ്ങനെ ബൂമെറാങ്ങിന്റെ ഇടികൊണ്ടു പരുക്കുപററിയ നെററിയെ 'വില്യംടെൽ നെററി' എന്നു വിളിച്ചു വന്നിരുന്നു. ഫ്രാങ്ക്ഡോണെല്ലൻ തന്റെ കാറിന്റെ ഒരുവശത്തെ ജനലിലൂടെ ബൂമെറാങ് എറിഞ്ഞാൽ, മറുവശത്തെ ജനലിലൂടെ അതു തിരികെ അദ്ദേഹത്തിന്റെ കൈയിൽ വരുമായിരുന്നുവത്രേ.

1969—ൽ വാഷിങ്ടൻ നഗരത്തിൽവച്ച് ബൂമെറാങ് ഏറിൽ ആർക്കും പങ്കെടുക്കാവുന്ന ഒരു മത്സരം നടത്തിയതു മുതല്ക്ക് അമേരിക്കയിൽ ബൂമെറാങ് ഏറ് എന്ന വിനോദം ജനശ്രദ്ധ ആകർഷിച്ചു. എറിയപ്പെട്ട ബൂമെറാങ് സഞ്ചരിക്കുന്ന ദൂരം, അതു വായുവിൽ നില്ക്കുന്ന സമയം എന്നിവ മത്സരത്തിനുള്ള വിഷയങ്ങളാണ്. ബൂമെറാങ്ങുകൾ കൊണ്ടുള്ള അമ്മാനയാട്ടം, പലതവണയായി എറിഞ്ഞ ബൂമെറാങ്ങുകൾ ഒരുമിച്ചു പിടിക്കൽ മുതലായ വൈദഗ്ദ്ധ്യപ്രകടനങ്ങളുമുണ്ട്! പക്ഷേ, കാഴ്ചക്കാർക്ക് ആഹ്ളാദം പകരുന്നതു് ബൂമറാങ്ങുകളുടെ ഗതിവൈചിത്ര്യങ്ങളാണ്.

ഇരുപതാം നൂററാണ്ടിലെ മനുഷ്യന്റെ ആനന്ദത്തിനു ശിലായുഗമനുഷ്യൻ നൽകിയ അമൂല്യ സംഭാവനയാണ് ബൂമെറാങ്. യൂറോപ്പിലും അമേരിക്കയിലും ആസ്ത്രേലിയയിലും മികച്ച ഒരു 'സ്കിൽ ഗെയിം' ആയി ബൂമെറാങ് ഏറ് അംഗീകരിക്കപ്പെട്ടിരിക്കുന്നു.

എന്തുകൊണ്ടു നമ്മുടെ സ്കൂളുകളിലും കോളേജുകളിലും ഈ കളി ഏർപ്പെടുത്തിക്കൂടാ?

(26 ഒക്ടോബർ, 1986)